# സുപ്രീം കോടതി വിധി, മലങ്കരസഭക്ക് ഒരു GST

**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പൂർ

ഇതെഴുതുന്നത് മലങ്കര സഭയെ ഒന്നായി കണ്ടുകൊണ്ടാണ്. നിർണ്ണായകമായ 1958 ലേയും 1995 ലേയും സഭാ സംബന്ധമായ വിധിപോലെ 2017 ലെ സുപ്രീംകോടതി വിധിയും മലങ്കരസഭയെ ഒന്നായികണ്ടുകൊണ്ട് സഭയിൽ ഐക്യവും സമാധാനവും ലക്ഷ്യമിട്ട് പ്രചോദനം നൽകുന്ന വിധിയായിരുന്നല്ലോ. വിധി വിലയിരുത്തുവാനുള്ള നിയമ പരിജ്ഞാനമില്ലെങ്കിലും ഈ വിധികളുടെ പിന്നിലെ ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിലെ ന്യായാധിപൻമാരുടെ മനസ്സ് ക്രിസ്തുവിന്റെ താൽപര്യത്തോട് അടുത്തുവരുന്നു എന്ന് കാണുന്നതിൽ സന്തോഷിക്കുന്നു.

2017 ജൂലൈയിൽ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിവസം പ്രസ്താവിക്കപ്പെട്ട വിധിയുടെ അന്തസത്ത ഒരു സഭയിൽ ഒരു ഭരണം മാത്രമേ ആകാവൂ എന്നതാണല്ലോ. സമാന്തര ഭരണം അനുവദനീയമല്ല. 1934 ലെ ഭരണഘടന അനുസരിച്ചുള്ള ഒരു ഭരണക്രമീകരണം മാത്രമേ പാടുള്ളൂ. ഇത് മലങ്കരയിലെ എല്ലാ പള്ളികൾക്കും ബാധകമാണ്. ഇതിനു വിരുദ്ധമായ താൽപര്യമുള്ളവർക്ക് സഭാ സ്വത്തുക്കൾ പകുത്തെടുക്കാതെ വേറിട്ടുപോകാനുള്ള സ്വാതന്ത്ര്യം മാനിക്കപ്പെടേണ്ടതാണ്.ഇവയെല്ലാം അർത്ഥ ശങ്കക്കിടയില്ലാത്തവിധം വിശദമയി പറയാൻ ജസ്റ്റിസ് അരുൺ മിശ്ര, ജസ്റ്റിസ് അമിതാവ റോയ് എന്നിവരടങ്ങിയ സുപ്രീംകോടതി ബെഞ്ച് ശ്രമിച്ചു എന്നത് ശ്രദ്ധേയമാണ്.

ഈ വിധി മലങ്കരസഭയ്ക്ക് ലഭ്യമായ ഒരു **GST (God Sent Truce)** ആയി പരിഗണിക്കുന്നത് പ്രസക്തമാണ്. 2017 ജൂലൈ ഒന്നിനാണ് ഇന്ത്യയുടെ മുഴുവൻ ഐക്യവും ഊട്ടിയുറപ്പിക്കുന്ന നികുതി സംബന്ധമായ GST പ്രാബല്യത്തിൽ വന്നത്. ഭാരതത്തിന്റെ ഒരു സ്വപ്നസാക്ഷാത് കാരമായിരുന്നു അത്. അതുപോലെ മലങ്കര സഭയുടെ സ്വപ്ന സാക്ഷാത്കാരമായി വിഭാഗീയതയ്ക്ക് അറുതി വരുത്തി സഭയുടെ ഐക്യവും സമാധാനവും ഉറപ്പുവരുത്തുവാനായി വന്ന ഒരു ദൈവീക പദ്ധതിയായി ജൂലൈ മൂന്നിലെ ഈ വിധിയെ വ്യാഖ്യാനിക്കാവുന്നതാണ്.

വിശുദ്ധിയും ജ്ഞാനവും പ്രാഗൽഭ്യവുമൊക്കെയുള്ള പലരും സഭയിലുണ്ടെങ്കിലും വിഭാഗീയത വളർന്നപ്പോൾ സഭാംഗങ്ങളായ ആരുടേയും നിഷ്പക്ഷത പൂർണ്ണമായും അംഗീകരിക്കാൻ ബുദ്ധിമുട്ടായി. അനുരഞ്ജന ചർച്ചകൾ പലതും നടന്നെങ്കിലും സമാധാന തീരത്തണയുന്നതിന് മുമ്പേ അവ മുങ്ങിപ്പോയി. അങ്ങനെയുള്ള സാഹചര്യങ്ങളിൽ നിന്ന് നീതിപൂർവ്വമായ ഒരു പരിഹാരം ലഭ്യമാക്കാനാണ് കോടതിയെ സമീപിക്കുന്നത്. സഭാംഗങ്ങൾ അല്ലാത്ത ന്യായാധിപന്മാർ മുൻവിധികൂടാതെ എത്രയോ മാസങ്ങളും വർഷങ്ങളും ഇരുവശങ്ങളും കേട്ട് ദീർഘമായ പഠനങ്ങൾ നടത്തി കണ്ടെത്തിയ സത്യമാണല്ലോ ഒടുവിൽ വിധിയായി പുറത്തുവന്നത്. 1958ലും 1995ലും ഉണ്ടായ വിധികളിൽ എന്തെങ്കിലും അവ്യക്തതകൾ ഉണ്ടെങ്കിൽ അതുംകൂടെ പരിഹരിച്ച് വളരെ വ്യക്തമായ ഒരു വിധിയാണല്ലോ 2017ൽ സുപ്രീം കോടതിയിൽ നിന്ന് ലഭ്യമായിരിക്കുന്നത്. 1995ലെ വിധിയുടെ തുടർച്ചയായി സുപ്രീം കോടതി നീരീക്ഷകനായി നിർദ്ദേശിച്ച Retired Chief Justice വി. എസ്. മളിമഠ്, 2002 മാർച്ച് 20ന് പരുമലയിൽകൂടിയ അസോസിയേഷനിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്തതും സഭാ മാനേജിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തതും വളരെ നീതി പൂർവ്വമായ രീതിയിലായിരുന്നു എന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ നീരീക്ഷണ റിപ്പോർട്ടിൽ സഭയിൽ ഐക്യമുണ്ടാകത്തക്കവിധം ഇതിൽ പങ്ക് ചേരാതെ ഒരു വിഭാഗം Boycott ചെയ്തതിനെക്കുറിച്ച് എഴുതുമ്പോൾ നൽകിയിരിക്കുന്ന sub title **"Unfortunate"** എന്നാണല്ലോ.

'സമാധാനം ഉണ്ടാക്കുവാനും പരസ്പര സ്നേഹത്തിലൂടെ ക്രിസ്തുവിന്റെ ശിഷ്യത്വം

തെളിയിക്കുവാനും ഒക്കെയുള്ള ദൈവീക കല്പനകൾ മറക്കുമ്പോൾ ദൈവം ന്യായാധിപന്മാരെപ്പോലും ഉപയോഗിച്ച് സത്യത്തിലേക്ക് വെളിച്ചം വീശുന്നു എന്നു കരുതാം.

അധാർമ്മികനും ക്രൂരനുമായ ഹെരോദോ രാജാവ് വിദ്വാന്മാർക്ക് യേശുവിനെ കാണുവാൻ ബേത്‌ലഹേമിലേക്ക് വഴികാട്ടിയെങ്കിൽ നീതിബോധവും സത്യസന്ധതയുമുള്ള ന്യായാധിപന്മാരെ എത്രയധികം സത്യത്തിലേക്ക് വെളിച്ചം പകരുവാൻ ദൈവം ഉപയോഗിക്കും.

വിഭജിക്കപ്പെടാത്ത ഒരു സഭ. സമാധാനവും ഐക്യവുമുള്ള ഒരു സഭ. യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവിക സത്യവും സ്നേഹവും സംരക്ഷിക്കപ്പെടുവാൻ പ്രതിജ്ഞാബന്ധമായ ഒരു സഭ. ക്രിസ്തുവിന്റെ സാന്നിധ്യവും ശരീരവുമായി ക്രിസ്തു ചൈതന്യം പ്രസരിപ്പിക്കുന്ന ഒരു സഭ. ക്രിസ്തുവിൽ വെളിപ്പെട്ട സ്വർഗ്ഗീയ പിതാവിന്റെ താല്പര്യങ്ങളെ അനുസരിക്കാൻ പ്രചോദിപ്പിക്കുന്ന പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ഇടമായ സഭ. പരിശുദ്ധ ത്രിത്വത്തെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്ത് പ. ത്രിത്വത്തിലെ ഐക്യവും സഹകരണവും പ്രകാശിപ്പിക്കുന്ന സഭ. മാമ്മോദീസായിലൂടെ ക്രിസ്തുവിനോട് ചേർന്ന് പരിശുദ്ധ റൂഹായുടെ ദാനത്താൽ വീണ്ടും ജനിക്കപ്പെട്ട ഓരോ കുഞ്ഞും ക്രിസ്തുവിനെ പോലെ പൂർണ്ണതയിലേക്കു വളരുവാൻ നിരന്തര പോഷണം നൽകുന്ന അമ്മയായ സഭ. ഈ അമ്മയുടെ ആരോഗ്യവും അഖണ്ഡതയും ഉറപ്പുവരുത്തുവാൻ തുടർച്ചയായ വിധികളിലൂടെ ന്യായാധിപന്മാർ ഓർമ്മിപ്പിക്കുന്നതിലും ഒരു ആത്മ നടത്തിപ്പില്ലേ? പരിശുദ്ധാത്മാവിനെ നമ്മുടെ സങ്കുചിത താല്പര്യങ്ങളിലും പള്ളിയുടെ നാല് ഭിത്തിക്കുള്ളിലും ഒക്കെ മാത്രമായി ഒതുക്കി നിർത്തുവാൻ കഴിയുന്നതല്ലല്ലോ. 'കാറ്റ് ഇഷ്ടമുള്ളിടത്തു വീശുന്നു' എന്നു പറഞ്ഞു നിക്കോദിമോസിനോടുള്ള സംഭാഷണവേളയിൽ ക്രിസ്തു പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിക്കുന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. അതുകൊണ്ട് കോടതിയുടെ എല്ലാ വിധികളും പരിശുദ്ധാത്മ നടത്തിപ്പായി കാണണമെന്നല്ല. ഐക്യവും സമാധാനവും സ്നേഹവുമെല്ലാം ദൈവീകതാല്പര്യമായും പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷണമായും തിരുവചനത്തിൽ വെളിപ്പെട്ടു കിട്ടിയിരിക്കുന്നതിന്റെ വെളിച്ചത്തിൽ അതേ ലക്ഷ്യത്തിലേക്കു ശക്തമായ ആഹ്വാനം നല്കുന്ന നിക്ഷ്പക്ഷമായ വിധി തീർപ്പുകളിലും ആത്മപ്രചോദനം കാണുവാൻ കഴിയും എന്നു മാത്രം.

എന്നാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സമാന്തര ഭരണങ്ങൾ അവസാനിപ്പിച്ച് ക്രിസ്തു വെളിച്ചത്തിൽ അകന്നുനിൽക്കുന്നവരും അടത്തുവന്ന് ഒന്നായി ആരാധിക്കാനും ആത്മീയമായി പുരോഗമിക്കുവാനും അനുസ്യൂതം പരിശ്രമം ആവശ്യമാണ്. 1958 സെപ്തംബർ 14ന് കോട്ടയം പഴയ സെമിനാരി ചാപ്പലിൽ വിശുദ്ധ കുർബ്ബാനാനന്തരം പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ചെയ്ത പ്രസംഗത്തിലെ ഏതാനും വാക്കുകൾ ഈ കാര്യം ഹൃദയ സ്പർശിയായി വ്യക്തമാക്കുന്നതാണ് :

"പ്രിയരെ, ഈ കേസിന്റെ വിജയം സത്യത്തിന്റെ വിജയമാണ്. എന്നാൽ ഈ വിജയം പൂർണ്ണമായി അനുഭവപ്പെടുന്നത് ഇപ്പോൾ ഭിന്നിച്ച് നില്ക്കുന്നവർ യോജിക്കുന്നതിലാണ്. അവരെക്കൂടി ചേർത്ത് ഒന്നായിട്ട് നടക്കണം എന്നുള്ളതാണ് നമ്മുടെ വലിയ ആഗ്രഹം. നമ്മുടെ ചെറുപ്പക്കാലത്ത് നാമെല്ലാം ഒന്നായിരുന്നു. ഒരു ഭിന്നതയും ഇല്ലായിരുന്നു. ഇനി ഒന്നായിരിക്കുകയും വേണം. നാം ഒരേ അസ്ഥിയും ഒരേ മാംസവുമാണ്. ഒരേ മനസ്സുണ്ടായാൽ മാത്രം മതി. സഭയുടെ യോജിപ്പിലാണ് വിജയം. അതിനാൽ വിനയമുള്ള ആത്മാവുകൊണ്ട് നാം അവരെ നേടണം. നിങ്ങളുടെ സംസാരത്തിലും പെരുമാറ്റത്തിലും ആരേയും മുറിപ്പെടുത്തുന്ന ഒരു വാക്കുപോലും അരുത്".വിധിയെ അത്യുന്നുത വിജയമായി കാണാതെ അതിനപ്പുറത്തേക്കുള്ള ക്രീസ്തീയ ഉത്തരവാദിത്വത്തേക്കുറിച്ച് നന്നായി ഓർമ്മിപ്പിക്കുന്ന ഒരു നല്ല ഇടയന്റെ ശബ്ദമാണ് ഇതിൽ കേൾക്കുന്നത്.

കുടുംബങ്ങളിലും ഇതര സമൂഹങ്ങളിലും പ്രവർത്തന മേഖലകളിലും രൂപപ്പെടുത്തുന്ന സംഘർഷങ്ങൾ അവസാനിപ്പിച്ച് നീതി പൂർവ്വമായ സമാധാനം ഉണ്ടാക്കുവാൻ സഭയുടെ സമാധാനം വെളിച്ചം നല്കും. വർഗ്ഗീയതയുടെയും തീവ്രവാദത്തിന്റെയും ഇരുൾ ലോകമെങ്ങും വ്യാപിക്കുന്ന ഇക്കാലത്ത് ഐക്യത്തിന്റെയും സമാധാനത്തിന്റെയും വെളിച്ചം നല്കുവാനുള്ള ക്രിസ്തീയ നിയോഗം നിറവേ

റ്റുന്നതിൽ അതീവ ശ്രദ്ധ വെയ്ക്കേണ്ടതാണ്. 2011 മുതലുള്ള ആഭ്യന്തര കലഹത്തിലും ISIS ന്റെ ആക്രമണങ്ങളിലും വളരെയധികം പേർ കൊല ചെയ്യപ്പെടുകയും പാലായാനം നടത്തുകയും ചെയ്യുന്ന സിറിയയിലും മറ്റും ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ എണ്ണം പകുതിയിൽ താഴെ യായിരിക്കുന്നു എന്നു കാണാം. നമ്മുടെ രാജ്യ ത്തും നിർഭാഗ്യവശാൽ വർഗ്ഗീയ തീവ്രവാദ പീഡനങ്ങൾക്ക് വിധേയരാകുന്ന മനുഷ്യരുടെ കഥന കഥ ദിവസേന റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ ഈ വിധിയുടെ പശ്ചാത്ത ലത്തിൽ എങ്ങനെ മലങ്കര സഭ സമാധാനം ഉണ്ടാ ക്കുന്നു എന്നത് നിർണ്ണായകമായ ഒരു സാക്ഷ്യ മാകും.

പള്ളികളെ സംബന്ധിച്ച എല്ലാ തർക്ക ങ്ങളും കേസുകളും അവസാനിപ്പിക്കാനുള്ള ഒരു വിധിയായിട്ടാണ് ഈ 2017 വിധി നൽകപ്പെട്ടിരി ക്കുന്നത്. നമ്മുടെ കോടതികളിൽ കെട്ടി കിടക്കുന്ന കേസ്സുകളുടെ എണ്ണം അത്യധികമാണ്. 2017 ജനുവരി 15ലെ Indian Express ലെ വാർത്ത യനുസരിച്ച് ഡിസ്ടിക്റ്റ് കോടതികളിൽ തന്നെ 2.8 കോടി കേസ്സുകളാണ് പരിഗണിക്കപ്പെടാതെ കിടക്കുന്നത്. 1950ൽ ആരംഭിച്ച സുപ്രീം കോടതി യിൽ ആദ്യത്തെ ഒരു വർഷം കഴിഞ്ഞപ്പോൾ 690 കേസ്സുകൾ പരിഗണനയ്ക്കെടുക്കാൻ കഴിയാതി രുന്ന സ്ഥാനത്ത് 2016 ആയപ്പോഴേക്കും അത് അറുപതിനായിരിത്തിലധികമായി. ഈ സാഹച ര്യത്തിൽ സഭയുടെ കേസ്സുകൾ എല്ലാം അവസാ നിപ്പിക്കത്തക്ക വിധം വ്യക്തമായ ഒരു വിധി ലഭ്യ മായപ്പോൾ ഇനിമേലാൽ ഈ വിഷയത്തോ ടനുബന്ധപ്പെട്ട് കേസിലേക്ക് സഭയെ വലിച്ചിഴി ക്കുകയില്ല എന്ന ഒരു പ്രതിജ്ഞ എല്ലാവരും എടു ക്കേണ്ട സമയമായി കഴിഞ്ഞു.

മതം ദുരുപയോഗപ്പെടുത്തിയുള്ള തീവ്രവാദങ്ങളും വർദ്ധിച്ചുവ്യാപിക്കുന്ന ഭൗതീക വാദത്തിലൂന്നിയ ആഡംഭര ഉപഭോഗ 'ആധുനിക' സംസ്ക്കാരവും മതത്തിൽ നിന്നും ദൈവത്തിൽ നിന്നും വളരെയധികം പേരെ അക റ്റിയിട്ടുണ്ട്, അകറ്റികൊണ്ടിരിക്കുന്നു. സഭയ്ക്ക് വീണുകിട്ടുന്ന സുവർണ്ണാവസരങ്ങളെ അവഗ ണിച്ച് വീണ്ടും കേസിനും വിഭാഗീയതയ്ക്കും ശ്രമിച്ചാൽ, പുരാതനമായ ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്നുകൊണ്ട് ക്രിസ്താനു ഭവത്തിൽ ആരാധിച്ചു വളരുവാൻ ആഗ്രഹിക്കുന്ന പുതിയ തലമുറകളെ സഭയിൽ നിന്നും ദൈവ ത്തിൽ നിന്നുമകറ്റുവാൻ അതിടയാക്കും.

സമാന്തരഭരണം ഏതൊരു കുടുംബ ത്തിലും സ്ഥാപനത്തിലും സഭയിലും ഒക്കെ വി ഭാഗീയതയും കലഹവും ഉണ്ടാക്കുമെന്നത് ആർക്കും മനസ്സിലാകുന്ന കാര്യമാണ്. 17-ാം നൂറ്റാ ണ്ട് മുതൽ അന്ത്യോഖ്യൻ സഭയുമായി ബന്ധം ആരംഭിച്ചതുമുതലുള്ള ചരിത്രം നോക്കുമ്പോൾ പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ ഭരണ ത്തിൽ കൈ കടത്താതെ അനുഗ്രഹകരമായ ആത്മീയ സംഭാവനകൾ മലങ്കര സഭയ്ക്ക് നല്കിയ സുറിയാനി സഭയിൽ നിന്നു വന്ന പിതാക്കന്മാരായ മാർ ഈവാനിയോസ് ഹിദായ ത്തുള്ള മാർ ഈവാനിയോസ് യൂഹാനോൻ തുടങ്ങിയവരെ വളരെ ആദരപൂർവ്വം ഓർക്കാം. എന്നാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായും അദ്ദേഹത്താൽ അയക്കപ്പെട്ട ചില മെത്രാന്മാരും ഭരണകാര്യങ്ങളിൽ ഇടപെട്ട് തുടങ്ങിയത് സഭാ കാര്യങ്ങൾ സുഗമമായി നടത്തുവാൻ മലങ്കര സഭാ തലവന്മാർക്ക് വളരെയധികം പ്രതിസന്ധി കളുണ്ടാക്കിയപ്പോളാണല്ലോ സഭയുടെ സ്വാത ന്ത്ര്യത്തെക്കുറിച്ചും ഏകഭരണത്തെക്കുറിച്ചും കൂടുതൽ ആലോചിച്ചു പ്രവർത്തിക്കുവാൻ നിർ ബന്ധിതമായത്. ഇപ്പോൾ ശ്രേഷ്ഠ കാതോലിക്കാ എന്നറിയപ്പെടുന്ന പിതാവ്, മെത്രാപ്പോലീത്താ ആയിരുന്ന സമയത്ത് തന്റെ ഭരണത്തിലുള്ള പള്ളികളിൽ അന്നത്തെ ശ്രേഷ്ഠ കാതോലിക്കാ ഇടപ്പെട്ട് കർമ്മാദികൾ നടത്തുകയും ഭരണം നട ത്താൻ ശ്രമിക്കുകയും ചെയ്യുന്നതിനെ എതിർത്തു കൊണ്ട് 29-10-1986ൽ എഴുതിയ കത്തിൽ പറയു ന്ന ഏതാനും വാചകങ്ങൾ ഇപ്രകാരമാണ് :

"അനധികൃതമായി അങ്ങ് മോറക്കാല പള്ളിയിൽ പ്രവേശിച്ച് കർമ്മാദികൾ നടത്തുവാൻ ശ്രമിച്ചാൽ ആയത് സമാധാന പരമായി പോകുന്ന ടി. പള്ളി ഇടവകാംഗങ്ങളിൽ ചേരിതി രിവും അഭിപ്രായ വിത്യാസങ്ങളും തന്മൂലം അന്തഃഛിദ്രങ്ങളും ഉണ്ടാകുമെന്നത് ഞാൻ മനസ്സി ലാക്കുന്നു". ഇതേ കത്തിൽ നിന്നു മറ്റൊരു വാചകം: "അങ്കമാലി ഭദ്രാസനത്തിൽ അങ്ങ് ഈ ദൃശ്യ പ്രവർത്തനങ്ങൾ തുടരുന്നതായാൽ അത് വഹിക്കത്തക്കതോ സഹിക്കത്തക്കതോ അല്ലാ ത്തതിനാൽ നിയമപരമായി അങ്ങയെ തടയുവാൻ വേണ്ട നടപടികൾ സ്വീകരിപ്പാൻ ഈ മെത്രാ സനം നിർബന്ധിതമായി തീരുന്നതാണ്". സ്വന്തം

സഭാ തലവന്റെ അതിരു കവിഞ്ഞ ഇടപ്പെടുലുകൾ പോലും ഉണ്ടാക്കുന്ന വിഭാഗീയതയെക്കുറിച്ച് വ്യക്തമായി പറഞ്ഞ് പ്രതിരോധിക്കുന്ന മനസ്സ് അക്ഷരാർത്ഥത്തിൽ തന്നെയുള്ള സമാന്തര ഭരണം / വിദേശ ഭരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നുണ്ടാകും. 2017ലെ വിധിയും സമാന്തര ഭരണം അവസാനിപ്പിച്ച് സ്വത്തുക്കൾ വിഭജിക്കാതെ മലങ്കര സഭയുടെ അനേക നൂറ്റാണ്ടുകൾ നിലനിന്ന ഐക്യത്തിലേക്കും സമാധാനത്തിലേക്കും മടങ്ങുവാനുള്ള വിളിയാണ്.

ഒരോ അഭിപ്രായ വിത്യാസത്തിന്റെയും സഭാ ശിക്ഷണത്തിനു വിരുദ്ധമായ നടപടികളുടെയും പരിഹാരം വിഭജനവും സ്വത്ത് പങ്ക് വയ്ക്കലുമാണെങ്കിൽ അതു പള്ളികൾ നിരന്തരം മുറിക്കപ്പെടുവാനുള്ള പരോക്ഷമായ പ്രചോദനമാകും. അതൊഴിവാക്കാനാണല്ലോ ദേശത്തിന്റെ അഖണ്ഡതയ്ക്ക് ഒരു ഭരണഘടന എന്നപോലെ സഭയുടെ അഖണ്ഡതയ്ക്ക് 1934-ലെ ഭരണഘടന സുപ്രീം കോടതി തന്നെ ശക്തമായി ശുപാർശ ചെയ്യുന്നത്.

ആദിമക്രിസ്തീയ സഭ വിഭാഗീയതയും അനൈക്യവും ദുരീകരിക്കപ്പെടേണ്ട പാപമായി മനസ്സിലാക്കി. ക്രിസ്തുവിൽ നിന്നകലുന്നതും ദൈവഹിതം അവഗണിച്ച് സ്വാർത്ഥവിചാരങ്ങൾക്കുനുസരിച്ച് പ്രവർത്തിക്കുന്നതുമാണ് ഇതിന്റെ കാരണമെന്നും സഭയ്ക്ക് ബോധ്യപ്പെട്ടിരുന്നു. (യാക്കോബ് 4.1)

സഭാംഗങ്ങൾ രമ്യതപ്പെടാതെ വിദ്വേഷം വച്ചുകൊണ്ട് വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ അത് അശുദ്ധമാകാനിടയാകുന്നു എന്ന വിധം പുതിയ നിയമ ഗ്രന്ഥങ്ങൾക്കു പുറമേ ലഭ്യമായിട്ടുള്ള ഏറ്റവും പുരാതന ലിഖിതമായ 'ഡിഡാക്കെ'യിൽ പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ അടിസ്ഥാനത്തിൽ പരസ്പരം രമ്യതയിലാകുന്നതും നീതിപൂർവ്വമായ സമാധാനം ഉണ്ടാക്കുന്നതും ആരാധനയ്ക്കുള്ള പ്രധാന ഒരുക്കമായും സഭ മനസ്സിലാക്കുന്നു. സഭയെ ക്രിസ്തുവിനെ പാടുവാനുള്ള ഗായക സംഘമായി പരിശുദ്ധ ഇഗ്നാത്തിയോസ് നുറോനോയും സഭയെ ഐക്യത്തിന്റെ കൂദാശയായി കാർത്തേജിലെ പരിശുദ്ധ സിപ്രിയനും ഒക്കെ പഠിപ്പിക്കുന്നത് എത്രയോ ചിന്തോദ്ദീപകമാണ്.

എ.ഡി 96ൽ റോമിലെ മെത്രാനായിരുന്ന ക്ലീമ്മിസ് എന്ന പിതാവ് കൊരീന്തിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ നല്ല മാതൃകാ ക്രിസ്തീയ സമൂഹമാകേണ്ട സഭ കലഹത്തിനും ഭിന്നതയ്ക്കും വിധേയപ്പെടുന്നതിന്റെ കാരണങ്ങൾ വിശ ദീകരിക്കുമ്പോൾ ഇങ്ങനെ പറയുന്നു : "വിശ്വാസം സംബന്ധിച്ച കാര്യങ്ങളിൽ അന്ധരായിത്തീർന്നു. ദൈവിക കല്പനകൾ അനുസരിച്ച് നടക്കുവാൻ കൂട്ടാക്കിയില്ല. ക്രിസ്തുവിനു ചേർന്ന രീതിയിൽ ജീവിച്ചില്ല. മറിച്ച് ഓരോരുത്തരും താന്താങ്ങളുടെ ഹൃദയത്തിന്റെ ദുരാശയനുസരിച്ച് മുന്നോട്ടു നീങ്ങി" (3:3,4). തുടർന്ന് അദ്ദേഹം ഇങ്ങനെ എഴുതുന്നു.

"എന്തു കൊണ്ടാണ് നാം ക്രിസ്തുവിന്റെ ശരീരത്തെ ഉലച്ചു പറിക്കുകയും പിച്ചിചീന്തുകയും നമ്മുടെ തന്നെ ശരീരത്തിനെതിരായി മത്സരിക്കുകയും നാം പരസ്പരം അവയവങ്ങളാകുന്നു എന്നത് മറക്കുന്ന ഭോഷത്വത്തിലെത്തിച്ചേരുകയും ചെയ്യുന്നത് ? കർത്താവായ യേശുവിന്റെ വാക്കുകൾ അനുസ്മരിക്കുവിൻ. എന്തെന്നാൽ അവൻ പറഞ്ഞു. ആ മനുഷ്യന് ഹാ! കഷ്ടം! എന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലൊരാൾക്ക് ഇടർച്ച വരുത്തുന്നതിലും ഭേദം അവൻ ജനിക്കാതിരിക്കുന്നതാകുന്നു. എന്റെ പ്രിയപ്പെട്ടവരിലൊരാളെ വഴിപിഴപ്പിക്കുന്നതിനെക്കാൾ തിരികല്ല് കെട്ടിതൂക്കി കടലിലേക്ക് എറിയപ്പെടുന്നതാണ് അവനു ഭേദം. നിങ്ങളുടെ ശീശ്മ അനേകരെ വഴിപിഴപ്പിച്ചു. അനേകരെ നിരാശയിലാഴ്ത്തി. നമ്മെയെല്ലാം ദുഃഖിതരാക്കി. എന്നിട്ടും നിങ്ങളുടെ മത്സരം തുടരുന്നു." (46.7-9)

ഇതേവിധം 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയെക്കുറിച്ച് പരിശുദ്ധ പരുമലതിരുമേനിയും വേദനയോടെ പറഞ്ഞതിൽ ഒരു വാചകം ഇപ്രകാരമാണ്. "എല്ലാ പള്ളികളിലും തമ്മിൽ തമ്മിൽ സമാധാനമില്ലാത്ത ജന്തുക്കളെപ്പോലെ കടിപിടി കൂട്ടി നശിച്ച് നശിച്ച് അശേഷം മേൽഗതിയില്ലാതെയും ഇതര സഭക്കാർക്കും മറ്റുള്ളവർക്കും ആക്ഷേപത്തിനും നിന്ദയ്ക്കും പാത്രീഭവിച്ചിരിക്കുന്നു".

വ്യക്തികളായും സമൂഹങ്ങളായും സഭയായുമായെല്ലാം അനുതപിക്കുകയും പ്രാർത്ഥനയോടെ സമാധാനത്തിനായി ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത് മേൽഗതി പ്രാപിക്കാനാണ് ഈ പരിശുദ്ധന്മാരുടെ ആഹ്വാനം.

കേസുകൾ വിജയിച്ചപ്പോഴൊക്കെ ആഘോഷങ്ങൾ നിരുൽസാഹപ്പെടുത്തുകയും സമാധാനത്തിനും സാഹോദര്യത്തിനും ആഹ്വാനം നടത്തുകയും ചെയ്യുന്ന മഹത്തായ പരിശുദ്ധ നേതൃത്വ പാരമ്പര്യം മലങ്കര സഭയ്ക്കുണ്ട്. ആ വിധത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഈ സുപ്രീം കോടതി വിധി വന്നപ്പോൾ അകന്നു നിന്നവരും അന്യരല്ല എന്നും സഹോദരങ്ങളാണെന്നും ഓർമ്മിപ്പിച്ച് സമാധാനത്തിനായി വാതിൽ തുറന്ന് വെളിച്ചം നൽകിയിരിക്കുന്നത് സന്തോഷത്തോടെ ഓർക്കാം.

വിദേശ ഇടപടലുകൾക്ക് മുൻപ് അനേക നൂറ്റാണ്ടുകൾ ഭാരതത്തിൽ അനുഭവിച്ചറിഞ്ഞ മലങ്കര സഭയുടെ ഐക്യവും ഭരണ സ്വാതന്ത്ര്യവും തനിമയും ക്രിസ്തുവിന്റെ താല്പര്യത്തിലും 1934ലെ ഭരണ ഘടനയുടെയും സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിലും ഉറപ്പാക്കാൻ ശ്രമിക്കുന്നതോടോപ്പം പരിശുദ്ധ പാത്രീയർക്കീസ് ബാവായോടും അന്ത്യോഖ്യൻ സഭയോടുമുള്ള സ്നേഹബന്ധം ആരോഗ്യകരമായി നിലനിർത്തുവാൻ ശ്രദ്ധവയ്ക്കുകയും വേണമല്ലോ.

മലങ്കര സഭയുടെ ഈ God Sent Truce അഥവാ GSTയുടെ അർത്ഥവും പ്രസ്ക്തിയും അറിഞ്ഞു പ്രവർത്തിക്കുന്നത് വഴി സഭയുടെ സമാധാനവും ഐക്യവും ഉറപ്പാകും. കോടതി വിധിയും തുടർമനനങ്ങളും സംയമനത്തോടെയുള്ള ഓരോ നീക്കവും അതിനുപകരിക്കട്ടെ എന്ന് ആശിക്കാം. കലഹ രഹിതവും സമാധാനപൂർണ്ണവുമായ അന്തരീക്ഷത്തിൽ മലങ്കര സഭയുടെ ക്രിസ്തീയ സാക്ഷ്യം കാര്യക്ഷമമാകുമ്പോഴാണ് ഈ വിജയം പൂർണ്ണമാകുന്നത്.

❖ ❖ ❖